<u>15 -ാം കേരള നിയമസഭ</u>

<u>2 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 504</u> <u>23-07-2021 - ൽ മറുപടിയ്ക്ക്</u>

<u>എരമം-കുറ്റൂർ വി.സി.ബി.</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | പയ്യന്നൂർ മണ്ഡലത്തിലെ എരമം-കുറ്റൂർ ഗ്രാമപഞ്ചായത്തിൽ മാവുള്ളപൊയിൽ വി.സി.ബി. എന്ന പ്രവൃത്തിയുടെ എസ്റ്റിമേറ്റ് ഭരണാനുമതിക്കായി സമർപ്പിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഏത് വർഷമാണ് പ്രസ്തുത എസ്റ്റിമേറ്റ് സമർപ്പിച്ചത്; പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ; | (ബി) | മേൽ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് 18/01/2018 ലാണ് ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ ലഭ്യമായത്. ഫണ്ടിന്റെ അപര്യാപ്തതമൂലം പ്രസ്തുത പ്രവർത്തിയ്ക്ക് ഭരണാനുമതി നൽകിയിട്ടില്ല. |
| (സി) | ഇല്ലെങ്കിൽ എന്തുകൊണ്ടാണ് ഭരണാനുമതി നൽകാൻ കാലതാമസം നേരിടുന്നതെന്ന് വ്യക്തമാക്കാമോ; | (സി) | മേൽ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് 18/01/2018 ലാണ് ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ ലഭ്യമായത്. ഫണ്ടിന്റെ അപര്യാപ്തതമൂലം പ്രസ്തുത പ്രവർത്തിയ്ക്ക് ഭരണാനുമതി നൽകിയിട്ടില്ല. |
| (ഡി) | പ്രസ്തുത പ്രവൃത്തിക്ക് എന്നത്തേയ്ക്ക് ഭരണാനുമതി ലഭ്യമാക്കാൻ സാധിക്കുമെന്നറിയിക്കാമോ? | (ഡി) | പയ്യന്നൂർ നിയോജക മണ്ഡലത്തിലെ എരമം-കുറ്റൂർ പഞ്ചായത്തിൽ പെരുമ്പടവ് തോടിന് കുറുകെ മാവുള്ളപൊയിൽ എന്ന സ്ഥലത്ത് ഒരു വിസിബിക്കു വേണ്ടി 92.50 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് സാമ്പത്തികാനുമതിക്കായി ലഭിച്ചിട്ടുള്ള താണെങ്കിലും പ്രവൃത്തിയുടെ സ്വഭാവവും ആവശ്യകതയും മുൻഗണനയും പരിഗണിച്ച ഫണ്ടിന്റെ ലഭ്യത കൂടി കണക്കിലെടുത്താണ് ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും പ്രവർത്തികൾക്ക്അനുമതി നൽകുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുന്നത്. ആയതു പ്രകാരം തയ്യാറാക്കിയ മുൻഗണനാപ്പട്ടികയിൽ മേൽ പ്രവർത്തി ഉൾപ്പെട്ടിരുന്നില്ല. കൂടാതെ ടി പ്രവൃത്തിയുടെ മുകൾ ഭാഗത്തു (ഏകദേശം 3 കി. മീ) മറ്റൊരു വി.സി.ബി യുടെ പ്രവർത്തി ടെണ്ടർ നടപടി പൂർത്തിയാക്കി കരാറുകാരന് സ്ഥലം കൈമാറിയിട്ടുള്ള താണ്. പ്രസ്തുത പ്രവർത്തി നടപ്പിലാക്കുന്നത് സംബന്ധിച്ച് |

| | | | |
|---|---|---|---|
| | | | വിശദമായ സ്ഥല പരിശോധന നടത്തി വിശദീകരണം നൽകുന്നതിനായി സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിരുന്നതിന്റെ അടിസ്ഥാനത്തിൽ രണ്ട് വി.സി.ബി കളുടെ റിസർവോയറുകൾ ഓവർലാപ്പ് ചെയ്യുന്നില്ലായെന്ന് സൂപ്രണ്ടിംഗ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിരുന്നു. പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് സാമ്പത്തികാനുമതി നൽകുന്നതിനു വേണ്ടിയുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതാണ് . |

സെക്ഷൻ ഓഫീസർ